# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2961** **13/07/2015-ൽ മറുപടിയ്ക്ക്**

## വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളുടെ സംരക്ഷണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. കെ. എൻ. എ. ഖാദർ:** | | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| (എ) വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | വംശനാശഭീഷണി നേരിടുന്ന മത്സ്യങ്ങളെ സംരക്ഷിക്കുന്നതിനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമായി തെരഞ്ഞെടുത്ത നദികൾ / തടാകങ്ങൾ എന്നിവിടങ്ങളിലായി മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. വംശനാശ ഭീഷണി നേരിടുന്ന ആറ്റ്കൊഞ്ചിനെ പുനരധിവസിപ്പിക്കുന്നതിനായി Rehabilitation of Giant Fresh Water Prawn in Valapattanam River എന്ന ഒരു പദ്ധതി ഫിർമ മുഖേന കണ്ണൂർ ജില്ലയിലെ വളപട്ടണം പുഴയിൽ നടത്തിവരുന്നു. |
| (ബി) ഏതെല്ലാം മത്സ്യങ്ങളുടെ മത്സ്യബന്ധനമാണ് നിരോധിച്ചിട്ടുള്ളത്; പ്രസ്തുത മത്സ്യങ്ങളുടെ അനധികൃതമായ മത്സ്യബന്ധനം തടയുന്നതിന് നടത്തുന്ന പരിശോധനകൾ എന്തെല്ലാമാണ് ; | (ബി) | വൈൽഡ് ലൈഫ് (പ്രൊട്ടക്ഷൻ) ആക്ട് 1972 പ്രകാരം സ്രാവുകൾ, തിരികൾ തുടങ്ങിയ വിഭാഗത്തിൽപ്പെട്ട 10 സ്പീഷീസുകളെ പിടിക്കുന്നത് നിരോധിച്ചിട്ടുണ്ട് . മിസ് കേരള എന്നറിയപ്പെടുന്ന *Puntius denisoni* എന്ന മത്സ്യത്തെ പിടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കടൽ പട്രോളിംഗ് നടത്തി, നിരോധിത മത്സ്യങ്ങളെ പിടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കാൻ തീരദേശ ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) കടലിന്റെ അടിത്തട്ടിളക്കിയുള്ള മത്സ്യബന്ധനം മൂലം മത്സ്യസമ്പത്തും കടലിനടിയിലെ ജൈവസമ്പത്തും നശിപ്പിക്കപ്പെടുന്നതിനാൽ ഇത് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ? | (സി) | മത്സ്യസമ്പത്ത് സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടെ മത്സ്യങ്ങൾ ഏറ്റവും കൂടുതൽ പ്രജനനം നടത്തുന്ന മൺസൂൺ കാലത്ത് കടലിന്റെ അടിത്തട്ടിലെ ട്രോളിംഗ് ജൂൺ 15 മുതൽ ജൂലൈ 31 വരെ 47 ദിവസം എല്ലാ വർഷവും നിരോധിച്ച് വരുന്നുണ്ട്. |

**സെക്ഷൻ ആഫീസർ**